(സി) ഈ സർവ്വേ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും;

(ഡി) ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി എത്ര ഹെക്ടർ ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) വിതരണത്തിനാവശ്യമായ ഭൂമി മുഴുവനും കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ടോ; എന്നത്തേക്ക് ഭൂമി വിതരണം പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):*

(എ) ഈ ആവശ്യത്തിലേക്ക് 24523.168 ഏക്കർ ഭൂമി സർവ്വേ നടത്തിക്കഴിഞ്ഞു.

(ബി) ഇടുക്കി, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, ആലപ്പുഴ, എറണാകുളം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിൽ.

(സി) ഭൂമി കണ്ടെത്തുന്ന മുറയ്ക്ക് ആണ് സർവ്വേ പ്രവർത്തനം നടന്നുവരുന്നത്. ആയതിനാൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് പറയാനാവില്ല.

(ഡി) & (ഇ) 22052 ഭൂരഹിത ആദിവാസി കുടുംബങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഓരോ കുടുംബത്തിനും നൽകേണ്ട ഭൂമിയുടെ വിസ്തീർണ്ണം കൃത്യമായി നിശ്ചയിച്ചിട്ടില്ല. ഇവർക്ക് ചുരുങ്ങിയത് ഒരേക്കർ ഭൂമി വീതം നൽകുന്നതിന് 8928 ഹെക്ടർ ഭൂമി ആവശ്യമാണ്. വിതരണത്തിനുള്ള സമയപരിധി നിശ്ചയിച്ചിട്ടില്ല.

ദേശീയപാത വികസനം-കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള തുക

* 12 [615] *ശ്രീ. പി. ടി. തോമസ്:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, സി. പി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി ഈ വർഷം കേന്ദ്ര ഗവൺമെന്റ് നൽകിയ തുകയിൽ ഇതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) ദേശീയപാതകളുടെ വികസനത്തിന് സംസ്ഥാന സർക്കാർ ഇതുവരെ ചെലവഴിച്ചതിൽ കേന്ദ്രത്തിൽ നിന്നും എന്തു തുകയാണ് കിട്ടുവാൻ ബാക്കിയുള്ളത്;

(സി) ഈ തുക ലഭിക്കുന്നതിനായി എന്ത് നടപടി സ്വീകരിച്ചു എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തു വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് ഈ വർഷം ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) തുകയൊന്നും കിട്ടാനില്ല.

(സി) ബാധകമല്ല.

ഗവൺമെന്റ് കോളേജുകളുടെ വികസനത്തിന് പ്രത്യേക പദ്ധതി

*13 [616] *ശ്രീ. സാജുപോൾ:*

,, *കോടിയേരി ബാലകൃഷ്ണൻ:*

,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:*

,, *മത്തായി ചാക്കോ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) സർക്കാർ കോളേജുകളിൽ പുതിയ കെട്ടിടങ്ങൾ നിർത്തിക്കാനുള്ള നിർദ്ദേശങ്ങൾ കോളേജ് വിദ്യാഭ്യാസ കമ്മിഷനിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) നഗരത്തിനു പുറത്തുള്ളവയും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾ പഠിക്കുന്നതുമായ കോളേജുകളുടെ സമഗ്രവികസനത്തിനായി പ്രത്യേക പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*:

(എ) ഗവൺമെന്റ് കോളേജുകളിലെ ലബോറട്ടറികൾ, ലൈബ്രറികൾ എന്നിവ ആധുനികവൽക്കരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റും 395 ലക്ഷം രൂപ 2005-2006 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ പുതിയ വിവരസാങ്കേതിക വിദ്യ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ഐ.റ്റി. ഗ്രിഡ്, എഡ്യൂസാറ്റ് എന്നിവയും കൂടി പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇവ കൂടാതെ യു. ജി. സി.-യിൽ നിന്ന് കൂടുതൽ ധനസഹായത്തിനായി പ്രത്യേക പാക്കേജ് സ്കീം പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കോളേജ് അധികാരികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കെട്ടിടം അറ്റകുറ്റപണികളും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടത്താറുണ്ട്.

(ബി) സർക്കാർ കോളേജുകളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ കോളേജ് വിദ്യാഭ്യാസ കമ്മിഷനിൽനിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly